76/DD/18

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം: ഡിബി3-5068/2017/സി.ഇ/തസ്വഭവ

തീയതി: 05/03/2018

# സർക്കുലർ

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജനകീയാസൂത്രണ പദ്ധതി 2017-18 - പദ്ധതി അവലോകന യോഗം - സംബന്ധിച്ച് -

സൂചന:- കത്ത് നം. ഡി.ഡി4-14428/2017 തീയതി 27.02.2018

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന 2017-18 വർഷത്തെ വാർഷിക പദ്ധതികളുടെയും, മുൻ വർഷങ്ങളിൽ നിന്നുമുള്ള സ്പിൽ ഓവർ പദ്ധതികളുടെയും പദ്ധതി ചെലവ് വളരെ പിന്നിലായതിനാൽ, 100% പദ്ധതി ചെലവ് കൈവരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സൂചന കത്ത് പ്രകാരം പദ്ധതി ചെലവ് പിന്നാക്കം നിൽക്കുന്ന നഗരസഭകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെടുന്ന നഗരസഭകളെ ഉൾപ്പെടുത്തി പദ്ധതികളുടെ പുരോഗതിയും, ഫണ്ട് വിനിയോഗത്തെയും സംബന്ധിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 08.03.2018-ാം തീയതി രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3 മണി വരെ വിർച്വൽ മീറ്റിംഗ് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി മീറ്റിംഗിൽ, ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുന്ന കാര്യാലയങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ, ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ "Project review" page-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Google sheet Proforma-P-1004/1003, P-1016, P-1019 എന്നീ പ്രൊഫോർമകൾ 06.03.2018-ന് 4 മണിയ്ക്ക് മുൻപായി അപ്ഡേറ്റ് ചെയ്ത് ആയതിന്റെ പ്രിന്റഡ് കോപ്പി സഹിതം കൃത്യമായും പങ്കെടുക്കേണ്ടതാണ്. വിർച്വൽ മീറ്റിംഗിൽ പങ്കെടുക്കേണ്ട കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, നഗരസഭാ മേധാവികൾ എന്നിവർ ഹാജരാകേണ്ട സ്ഥലത്തിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

ഉള്ളടക്കം : പട്ടിക

ചീഫ് എഞ്ചിനീയർ

P 244

**OFFICE OF THE CHIEF ENGINEER, LSGD, THIRUVANANTHAPURAM**

| The proposed date and time | | Location to be covered | Duration | Purpose | Nature and number of paticipants in each location | Node points available |
|---|---|---|---|---|---|---|
| | | **Thiruvananthapuram District** | | | | |
| 08/03/2018 from 11:00AM to 3:00PM | 1 | Chief Engineer, LSGD, Tvpm | 11:00AM to 3:00PM | Review meeting on Progress of Plan Projects of 2017-18 | 15Nos | Training Node at CRD, swarajbhavan, Thiruvananthapuram |
| | 2 | Deputy Chief Engineer, LSGD | | | | |
| | 3 | Superintending Engineer, LSGD South Circle | | | | |
| | 4 | Superintending Engineer, Thiruvananthapuram Corporation | | | | |
| | 5 | Executive Engineer, O/o CE | | | | |
| | 6 | Asst: Executive Engineer 1, O/o CE | | | | |
| | 7 | Asst: Executive Engineer 2, O/o CE | | | | |
| | 8 | Asst: Engineer, O/o CE | | | | |
| | 9 | Overseer, O/o CE | | | | |
| 08/03/2018 from 11:00AM to 3:00PM | | **Kollam District** | | | | |
| | 1 | Kollam Corporation | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Mukhathala Block Panchayat |
| | 2 | Punalur Municipality | | | | |
| 08/03/2018 from 11:00AM to 3:00PM | | **Alappuzha District** | | | | |
| | 1 | Harippad Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of | 30Nos | Chenganoor Block Panchayat |
| 08/03/2018 from 11:00AM to 3:00PM | | **Kottayam District** | | | | |
| | 1 | Kottayam Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of | 30Nos | Erattupetta Block Panchayat |
| 08/03/2018 from 11:00AM to 3:00PM | | **Ernakulam District** | | | | |
| | 1 | Aluva Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Alangad Block Panchayat |
| | 2 | North Paravur Municipality | | | | |
| | 3 | Eloor Municipality | | | | |
| | 4 | Kothamangalam Municipality | | | | |
| 08/03/2018 from 11:00AM to 3:00PM | | **Thrissur District** | | | | |
| | 1 | Irrinjalakuda Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Wadakkancherry Block Panchayat |
| | 2 | Chalakkudy Municipality | | | | |
| 08/03/2018 from 11:00AM to 3:00PM | | **Plakkad District** | | | | |
| | 1 | Shoranur Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Alathoor Block Panchayat |
| | 2 | Chittoor Municipality | | | | |
| 08/03/2018 from 11:00AM to 3:00PM | | **Malappuram District** | | | | |
| | 1 | Thanoor Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Vengara Block Panchayat |
| | 2 | Kottakkal Municipality | | | | |
| 08/03/2018 from 11:00AM to 3:00PM | | **Kozhikkode District** | | | | |
| | 1 | Superintending Engineer, LSGD North Circle | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Kunnamangalam Block Panchayat |
| | 2 | Mukkom Municipality | | | | |
| | 3 | Quilandy Municipality | | | | |

| OFFICE OF THE CHIEF ENGINEER, LSGD, THIRUVANANTHAPURAM | | | | | | |
|---|---|---|---|---|---|---|
| **The proposed date and time** | | **Location to be covered** | **Duration** | **Purpose** | **Nature and number of paticipants in each location** | **Node points available** |
| 08/03/2018 from 11:00AM to 3:00PM | **Kannur District** | | | | | |
| | 1 | Mattannur Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Payyannur Block Panchayat |
| | 2 | Sreekandapuram Municipality | | | | |
| 08/03/2018 from 11:00AM to 3:00PM | **Kasaragod District** | | | | | |
| | 1 | Kasargod Municipality | 11:00AM to 3:00PM | Review meeting on Progress of New Projects of 2017-18 | 30Nos | Kasaragod Block Panchayat |

"ഭരണഭാഷ - മാതൃഭാഷ"

നം. ഡി.സി4-14428/2017

നഗരകാര്യ ഡയറക്ടറാഫീസ്,
സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം, തീയതി: 27/02/2018.
ഫോൺ: 0471-2318896.
ഇ-മെയിൽ: duatvpm@gmail.com.

2583
03/03/18

പ്രേഷകൻ
നഗരകാര്യ ഡയറക്ടർ

1/3/2018

സ്വീകർത്താവ്
ചീഫ് എഞ്ചിനീയർ,
തദ്ദേശ സ്വയംഭരണ വകുപ്പ്.

1/3/18

സർ,

വിഷയം: നഗരകാര്യ വകുപ്പ് - വാർഷിക പദ്ധതി 2017-18 എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ പുരോഗതി - സംബന്ധിച്ച്.

******

DB3

സംസ്ഥാനത്തെ കോർപ്പറേഷനുകളുടെ പദ്ധതി ചെലവ് നിലവിൽ 44% ആണ്. 16/02/2018-ലെ കണക്കുകൾ പ്രകാരം എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ പദ്ധതി ചെലവ് 24% ആണ്. ഏറ്റവും കൂടുതൽ പദ്ധതി പുരോഗതി കൈവരിച്ച കൊല്ലം കോർപ്പറേഷനിൽ എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ പദ്ധതി ചെലവ് ഏറ്റവും പിന്നിലാണ്. ആയതിനാൽ 100% പുരോഗതി കൈവരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഏറ്റവും പുരോഗതി കൈവരിച്ച നഗരസഭകളിലും എഞ്ചിനീയറിംഗ് പദ്ധതികളുടെ പുരോഗതി 50%-ൽ താഴെയാണ്. മട്ടന്നൂർ, തിരൂരങ്ങാടി എന്നീ നഗരസഭകളുടെ എഞ്ചിനീയറിംഗ് പദ്ധതികളുടെ പുരോഗതി യഥാക്രമം 3.37%, 4.13% ആണ്. ടി പ്രോജക്ടുകൾ യഥാസമയം നിർവ്വഹണം നടത്താൻ കഴിയാതെ വരുന്നത് നഗരസഭകളുടെ പദ്ധതി പുരോഗതിയെ കാര്യമായി ബാധിച്ചിരിക്കുന്നു. 70% ലധികം പുരോഗതി കൈവരിച്ച് നഗരസഭകൾ 31/03/2018-ന് 100% ഫണ്ട് ചെലവാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഗരസഭകളുടെ ആകെ പദ്ധതിയുടെ 50% ലധികം എഞ്ചിനീയറിംഗ് പ്രോർജക്ടുകളാണ്. പ്രസ്തുത സാഹചര്യത്തിൽ നഗരസഭകളിലെ എഞ്ചിനീയറിംഗ് പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ഹരിത. വി. കുമാർ ഐ.എ.എസ്
നഗരകാര്യ ഡയറക്ടർ

പി.എസ്

8-03-18
11:00 AM

## നഗരസഭകളുടെ പദ്ധതി ചെലവ് സംബന്ധിച്ച പട്ടിക

| ക്രമ നം. | നഗരസഭയുടെ പേര് | ആകെ പദ്ധതി ചെലവ് (ശതമാനത്തിൽ) | എഞ്ചിനീയറിംഗ് പദ്ധതികളുടെ ചെലവ് (ശതമാനത്തിൽ) |
|---|---|---|---|
| 1. | കൊല്ലം കോർപ്പറേഷൻ | 64.4.3 | 15.28 |
| 2. | തിരുവനന്തപുരം കോർപ്പറേഷൻ | 38.83 | 34.58 |
| 3. | ഈരാറ്റുപേട്ട | 96.06 | 30.14 |
| 4. | ആലുവ | 81.44 | 47.12 |
| 5. | പുനലൂർ | 77.8 | 25.99 |
| 6. | നോർത്ത് പറവൂർ | 72.3 | 43.54 |
| 7. | താനൂർ | 70.4 | 27.27 |
| 8. | ഏലൂർ | 67.93 | 41 |
| 9. | ഷൊർണ്ണൂർ | 67.48 | 32.03 |
| 10. | ചിറ്റൂർ തത്തമംഗലം | 67.41 | 50.43 |
| 11. | കോതമംഗലം | 66.24 | 32.63 |
| 12. | മുക്കം | 66.12 | 22.49 |
| 13. | മട്ടന്നൂർ | 32.18 | 3.37 |
| 14. | ശ്രീകണ്ഠപുരം | 34.04 | 21.49 |
| 15. | കാസറഗോഡ് | 34.42 | 37.8 |
| 16. | കോട്ടയം | 35.48 | 20.63 |
| 17. | കൊയിലാണ്ടി | 36.32 | 26 |
| 18. | ഹരിപ്പാട് | 36.78 | 18.21 |
| 19. | ഇരിങ്ങാലക്കുട | 36.85 | 16.72 |
| 20. | ചാലക്കുടി | 37.05 | 17.82 |
| 21. | കോട്ടക്കൽ | 37.25 | 17.97 |
| 22. | ചങ്ങനാശ്ശേരി | 38.23 | 19.27 |